നടത്തി വരുന്നു. ഇത്തരത്തിലുള്ള സംവിധാനം നിലവിൽ കേരളത്തിൽ മാത്രമേയുള്ളൂ. കൃഷി വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 14 പാഡിമാർക്കറ്റിംഗ് ഓഫീസർമാർ സംഭരണത്തിന്റെ മേൽനോട്ടം വഹിക്കുന്നു.

(ബി) 2010-11 ഒന്നാം സീസണിൽ ഏകദേശം 26000 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടാം സീസണിലെ രജിസ്ട്രേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) 2010-11 സീസണിൽ 425000 ടൺ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ഡിസംബറിൽ അവസാനിച്ച ആദ്യ സീസണിൽ ലക്ഷ്യമിട്ടത് 125000 ടൺ നെല്ല് ആയിരുന്നു. ഇതിൽ 93150 ടൺ നെല്ല് ഇതുവരെ സംഭരിച്ചിട്ടുണ്ട്. രണ്ടാം സീസണിൽ 300000 ടൺ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ഡി) സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച താങ്ങുവിലയായ കി.ഗ്രാമിന് 13 രൂപ നിരക്കിലാണ് സപ്ലൈകോ നെല്ല് സംഭരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ കി.ഗ്രാമിന് 10 രൂപയാണ് അനുവദിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ സംഭരണ വില 7.07 രൂപ ആയിരുന്നു. 6 രൂപയോളം വർദ്ധനവാണ് ഈ കാലയളവിൽ വരുത്തിയത്.

(ഇ) കർഷകർക്ക് കാലതാമസം കൂടാതെ നെല്ലിന്റെ വില അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നു. നിലവിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും സബ്സിഡി തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. എന്നാൽ നെല്ലിന്റെവില കാലതാമസമില്ലാതെ നൽകുന്നതിനായി ബാങ്കുകളുമായി 250 കോടി രൂപയുടെ ലോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ കാലതാമസം പരമാവധി ഒഴിവാക്കാൻ കഴിയുന്നതാണ്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം

9 (*9) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം വിപുലപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉദ്യോഗ നിയമനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷന് ഇപ്പോഴുള്ള ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) അഡ്വൈസ് മെമ്മോ നൽകിയതിനുശേഷമുള്ള നിയമന കാര്യങ്ങളിൽ കമ്മീഷന് എന്തെങ്കിലും ചുമതല ഇപ്പോഴുണ്ടോ ; ഇല്ലെങ്കിൽ അത്തരം കാര്യങ്ങൾ കൂടി പി.എസ്.സി. യുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) :

(എ) ഉണ്ട്.

(ബി) സർക്കാർ സർവ്വീസിലേയ്ക്കും, തെരഞ്ഞെടുപ്പ് ചുമതല പി.എസ്.സി.ക്ക് നൽകിയിട്ടുള്ള കോർപ്പറേഷൻ/ബോർഡുകൾ ജില്ലാ സഹകരണ ബാങ്കുകൾ, അപ്പെക്സ് സൊസൈറ്റികൾ തുടങ്ങിയവയിലേയ്ക്കും ഉദ്യോഗാർത്ഥികളെ വിവിധ കമ്പനികൾ തെരഞ്ഞെടുത്ത് നിയമനത്തിനായി ശുപാർശ ചെയ്യുകയും സർവ്വീസ് കാര്യങ്ങളിലും അച്ചടക്ക നടപടികളിലും നിയമന്ത്രങ്ങൾ രൂപീകരിക്കുന്നതിനും സർക്കാരിന് വേണ്ട ഉപദേശം നൽകുകയും, ഉദ്യോഗസ്ഥർക്ക് വകുപ്പുതല പരീക്ഷ നടത്തുകയും, ഡി.പി.സി. കൂടി ഉദ്യോഗസ്ഥരെ പ്രൊമോട്ടു ചെയ്യുന്നതിന് വേണ്ട ഉപദേശം നൽകുകയുമാണ് പ്രധാന ചുമതലകളായി പി.എസ്.സി. നിർവ്വഹിച്ചുവരുന്നത്. അതിനുശേഷം ജോയിനിംഗ് ഡ്യൂട്ടി റിപ്പോർട്ട്/നോൺ ജോയിനിംഗ് ഡ്യൂട്ടി റിപ്പോർട്ട് പരിശോധിച്ച് അനന്തര നടപടികൾ കൈക്കൊള്ളുന്നുമുണ്ട്.

(സി) പി.എസ്.സി. മുഖേന തെരഞ്ഞെടുക്കപ്പെട്ട ഒരു ഉദ്യോഗാർത്ഥിക്ക് റിപ്പോർട്ടു ചെയ്യുന്ന ഒഴിവിന്റെ അടിസ്ഥാനത്തിൽ നിയമന ശുപാർശ നൽകുകയും ടി തീയതി മുതൽ 3 മാസത്തിനകം നിയമന ഉത്തരവ് ലഭിച്ചിട്ടില്ലെന്ന് ഉദ്യോഗാർത്ഥി പരാതിപ്പെട്ടാൽ അക്കാര്യം നിയമനാധികാരിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

പി.എസ്.സി. നിയമനോപദേശം നൽകിയ ശേഷം അവയിൽ തിരുത്തൽ വരുത്തിയും, വ്യാജ നിയമനോപദേശം തയ്യാറാക്കി നിയമിക്കുന്നത് കണ്ടെത്തുന്നതിനും ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും പി.എസ്.സി. വഴിയല്ലാതെ നടത്തുന്ന നിയമനങ്ങളും (താൽക്കാലിക നിയമനങ്ങളടക്കം) വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ ചട്ടപ്രകാരം തന്നെയാണ് നടത്തിയതെന്ന് ഉറപ്പ് വരുത്തുന്നതിനായി വാർഷികാടിസ്ഥാനത്തിൽ നിയമന ഓഡിറ്റ് നടത്തണമെന്ന പി.എസ്.സി.യുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. കൂടാതെ ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമേ പി.എസ്.സി.-യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനുശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

പ്രവാസി കേരളീയ കാര്യവകുപ്പിന്റെ പ്രവർത്തനം

10 (*10) ശ്രീ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കേരളീയ കാര്യവകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly